പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6140 | 07.07.2014 ൽ മറുപടിയ്ക്ക് |
|---|---|
| **നബാർഡ് സഹായത്തോടെ നവീകരിക്കുന്ന അംഗൻവാടികൾ** | |
| ചോദ്യം | ഉത്തരം |
| ശ്രീ. റ്റി.വി. രാജേഷ് | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) ഒരു നിയോജക മണ്ഡലത്തിൽ 5 അംഗൻ വാടികളെങ്കിലും നവീകരിക്കുന്നതിന് ലക്ഷ്യമിട്ട് നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ; | (എ) ഉണ്ട്. നബാർഡ്-ആർഐഡിഎഫ് പദ്ധതി പ്രകാരം 506 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 376 അംഗൻവാടികൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതി പ്രകാരം ഒരു അംഗൻവാടി നിർമ്മിക്കുന്നതിന്റെ ആകെ ചെലവ് 8.10 ലക്ഷം രൂപയാണ്. ആയതിൽ 6.88 ലക്ഷം രൂപ നബാർഡിൽ നിന്നും വായ്പയായി ലഭിക്കുന്നതും 1.22 ലക്ഷം രൂപ അതാത് പഞ്ചായത്തുകൾ വഹിക്കേണ്ടതുമാണ്. |
| (ബി) കല്യാശ്ശേരി മണ്ഡലത്തിൽ എതെല്ലാം അംഗൻവാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയത്; ഇവയുടെ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (ബി) കല്യാശ്ശേരി മണ്ഡലത്തിൽ ഏഴോം പഞ്ചായത്തിലെ അംഗൻവാടി നം. 38,48 എന്നീ രണ്ട് അംഗൻവാടികളെ നബാർഡ്-ആർഐഡിഎഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ടി അംഗൻവാടികളുടെ നിർമ്മാണ പ്രവർത്തനത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

4